LIBRARY ARCHIVES Kerala Legislative Assembly

ഉത്തരം

(എ) ആലപ്പുഴ ഡിപ്പോയിൽനിന്നും രാവിലെ 6 മണിക്ക് കൈനക്കരി-പൂപ്പള്ളിവഴി ചങ്ങനാശ്ശേരിക്ക് ഒരു സർവ്വീസ് ഇപ്പോൾ നടത്തിവരുന്നുണ്ട്. രാവിലേയും വൈകിട്ടും ബസ് സർവ്വീസ് ലഭ്യമാക്കണമെങ്കിൽ പുതിയ ഒരു സർവീസ് ആരംഭിക്കേണ്ടിയിരിക്കുന്നു. ബസ്സിന്റെ കുറവ് അനുഭവപ്പെടുന്നതിനാൽ ഇപ്പോൾ സർവ്വീസ് ആരംഭിക്കുന്നകാര്യം പരിഗണനയിലില്ല.

(ബി) എടത്വാ ഡിപ്പോയിൽനിന്നുള്ള 5.10 ആലപ്പുഴ സർവ്വീസിന് രാവിലെ 11.20-ന് എടത്വ-കളങ്ങര-മിത്രകരിവഴി ഒരു ട്രിപ്പ് നിലവിലുണ്ട്. ചങ്ങനാശ്ശേരി ഡിപ്പോയിൽനിന്നും മേൽപറഞ്ഞ സമയത്ത് ഒരു സർവ്വീസ് ആരംഭിക്കുന്ന കാര്യം ഇപ്പോൾ പരിഗണനയിലില്ല.

ടിപ്പർ ലോറികൾമൂലമുള്ള അപകടങ്ങൾ

345 (2175) ശ്രീ. ചിറ്റയം ഗോപകുമാർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും പരിസ്ഥിതിയും ഗതാഗതവും സ്പോർട്സും സിനിമയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ടിപ്പർ ലോറികൾമൂലമുള്ള അപകടങ്ങളിൽ എത്ര മരണങ്ങൾ സംഭവിച്ചിട്ടുണ്ടെന്നു ഇക്കഴിഞ്ഞ അഞ്ച് വർഷങ്ങളിലെ കണക്കുകൾ ജില്ലാടിസ്ഥാനത്തിൽ ലഭ്യമാക്കാമോ ;

(ബി) ടിപ്പർ ലോറികളുടെ അമിത വേഗതമൂലമുള്ള അപകടങ്ങൾ ഒഴിവാക്കുന്നതിന് നിലവിൽ എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളത് എന്ന് വിശദമാക്കുമോ ?

ഉത്തരം

(എ) അനുബന്ധമായി* ചേർത്തിട്ടുണ്ട്.

(ബി) കേരളത്തിലെ എല്ലാ ടിപ്പർലോറികളിലും പ്രവർത്തനക്ഷമമായ സ്പീഡ് ഗവേർണർ നിർബന്ധമാക്കിയിട്ടുണ്ട്. കൂടാതെ, സ്കൂൾ കുട്ടികളും മറ്റ് യാത്രക്കാരും കൂടുതൽ യാത്ര ചെയ്യുന്ന രാവിലെ 9 മണി മുതൽ 10 മണിവരെയും വൈകിട്ട് 4 മുതൽ 5 വരെയും ഓരോ മണിക്കൂർ വീതം ടിപ്പർ വാഹനങ്ങൾ നിരത്തിലിറക്കരുതെന്ന് ഉത്തരവ് നൽകിയിട്ടുണ്ട്. സ്പീഡ് ഗവേർണർ നിർബന്ധമാക്കിയിട്ടുണ്ടെങ്കിലും ചില ടിപ്പർ ലോറികൾ അത് കേടുവരുത്തി വേഗതാ പരിധി പാലിക്കാതെ ഓടുന്നതുമൂലം അപകടങ്ങൾ ഉണ്ടാകുന്നത് ശ്രദ്ധയിൽപ്പെട്ടതിനെത്തുടർന്ന് വകുപ്പിലെ എല്ലാ ഉദ്യോസ്ഥർക്കും അവരവരുടെ അധികാരപരിധിയിലെ സ്ഥലങ്ങളിൽ പരിശോധന നടത്തി കേന്ദ്ര മോട്ടോർ വാഹന ചട്ടം 118 അനുസരിച്ച് സ്പീഡ് ഗവേർണറുകൾ സീൽ ചെയ്യാൻ നിർദ്ദേശം നൽകിയിട്ടുണ്ട്.

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.